# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **3866** 15/5/2017 -ലെ മറുപടി

## സർക്കാർ ആഫീസുകളിലും പൊതുവിദ്യാലയങ്ങളിലും നീരുറവ് പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ജലവിഭവ വകുപ്പിനുകീഴിൽ നടപ്പിലാക്കുന്ന നീരുറവ് പദ്ധതി എവിടെയെല്ലാമാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; എന്തെല്ലാമാണ് പദ്ധതിയുടെ ഭാഗമായി വിഭാവനം ചെയ്തിട്ടുള്ളത്; | (എ) | വേനൽക്കാലം ജലസമൃദ്ധമാക്കുക എന്ന ലക്ഷ്യത്തോടെ 2017 മാർച്ച് 21-ന് ജല അതോറിറ്റിയുടെ നേതൃത്വത്തിൽ ഉദ്ഘാടനം നിർവഹിച്ച "നീരുറവ്" പദ്ധതിയുടെ ഭാഗമായി മഴവെള്ളം സംഭരണവും സ്വാഭാവിക ഉറവ സംരക്ഷണവുമാണ് വിഭാവനം ചെയ്തിരുന്നത്. അടുത്ത കാലവർഷത്തിനു മുൻപേ അടിയന്തിര പ്രാധാന്യം നൽകി ചെയ്തു തീർക്കേണ്ട ഈ പദ്ധതിക്ക് 2017 ലെ വരൾച്ചാ ലഘൂകരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ കിണറുകൾ സ്രോതസ്സായ കുടിവെള്ള പദ്ധതികളിൽ കിണറിൽ ജലലഭ്യത കൂട്ടാൻ റോഡ് കിണറുകൾക്ക് സമീപം മഴക്കുഴി നിർമ്മിച്ച് ജലലഭ്യത ഉറപ്പാക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ എല്ലാ സർക്കാർ ആഫീസുകളിലും പൊതുവിദ്യാലയങ്ങളിലും മഴവെള്ള സംഭരണത്തിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) | കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസിയുടെ ഭാഗമായി പ്രവർത്തിക്കുന്ന മഴകേന്ദ്രം സംസ്ഥാന ബജറ്റിൽ ഓരോ സാമ്പത്തിക വർഷവും അനുവദിക്കുന്ന പ്ലാൻ തുക ഉപയോഗപ്പെടുത്തി "മഴവെള്ള സംഭരണം ഭൂജല പരിപോഷണം" പദ്ധതി നടപ്പിലാക്കി വരുന്നു. 2015-16 സാമ്പത്തിക വർഷം മുതൽ "ജലസൗഹൃദ വിദ്യാലയം" പദ്ധതിയിൽ ഉൾപ്പെടുത്തി 840 സർക്കാർ സ്കൂളുകളിൽ മഴവെള്ള സംഭരണികൾ നിർമ്മിച്ചു നല്കുന്ന ജോലികൾ പുരോഗമിക്കുകയാണ്. 2017-18 സാമ്പത്തിക |

വർഷം 1000 പൊതുസ്ഥാപനങ്ങളി
നിലവിലുള്ള സംഭരണികളുടെ അറ
പണികൾ ചെയ്തുകൊടുക്കുന്നതിനു
പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫ

JSK/